# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1944 08.06.2018 ൽ മറുപടിയ്ക്ക്

## കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന

| ചോദ്യം<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എം. മുകേഷ്<br>ശ്രീ. കെ. ബാബു | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സുതാര്യവും ഏകീകൃതവുമായ വാഹന പരിശോധനയ്ക്കായി എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രവും ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (എ) | ഉണ്ട് |
| (ബി) | വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പ്രസ്തുത പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. 62 ഓഫീസുകളിൽ പിപിപി (പൊതു സ്വകാര്യ പങ്കാളിത്തം) മാതൃകയിൽ വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ കിറ്റ്കോ യെ കൺസൾട്ടന്റ് ആയി നിയമിച്ചു കൊണ്ട് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ ഡോക്യുമെന്റ് പരിശോധിച്ചു വരുന്നു. |
| (സി) | മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനും റോഡ് സുരക്ഷ ഉറപ്പാക്കാനും വെയിങ് ബ്രിഡ്ജ് സ്ഥാപിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വരുമാനം വർദ്ധിപ്പിക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി ചെക്ക് പോസ്റ്റുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും മോട്ടോർ വാഹന വകുപ്പിന്റെ സോഫ്റ്റ് വെയർ മുഖേനയായതിനാൽ ചെക്ക് പോസ്റ്റ് വഴി കടന്നുവരുന്ന എല്ലാ വാഹനങ്ങളിൽ നിന്നും സർക്കാരിന് ലഭിക്കേണ്ടുന്ന വാഹന നികുതി ഈടാക്കി വരുന്നുണ്ട്. ചെക്ക് പോസ്റ്റ് വെട്ടിച്ച് മറ്റു വഴികളിലൂടെ നികുതിയടയ്ക്കാതെ കടന്നുപോകുന്ന വാഹനങ്ങൾ പിടികൂടുന്നതിനും റോഡ് സുരക്ഷയ്ക്കുമായി 24 x 7 മണിക്കൂറും പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | കൂടുതൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന സേഫ് കേരള പദ്ധതിയ്ക്ക് സർക്കാർ രൂപം നല്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുവഴി നികുതി അടയ്ക്കാതെ കടന്നുവരുന്ന വാഹനങ്ങൾ പിന്നീട് പിടികൂടിയാൽ ഇരട്ട നികുതി അടയ്ക്കണമെന്ന നിബന്ധന ഉള്ളതിനാൽ ആ നിലയ്ക്കും സർക്കാരിന്റെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ ചെക്ക് പോസ്റ്റുകളിലും വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**